(സി) സർക്കാർ സേവനങ്ങൾ സുഗമമായി ജനങ്ങളിലെത്തിക്കുന്നതിനായി സിംഗിൾ വിൻഡോയിലൂടെ സർക്കാർ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ; വിവരം ലഭ്യമാക്കുമോ?

ഉണ്ട്. പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ സർക്കാർ സേവനങ്ങൾ സുഗമമായി ലഭ്യമാക്കണമെന്ന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വിവിധ വകുപ്പുകൾ നൽകിവരുന്ന നിരവധി സേവനങ്ങൾ സംയോജിപ്പിച്ച് സംസ്ഥാന സർക്കാരിന്റെ പോർട്ടൽ മുഖേനയും ഒരു ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ മുഖേനയും നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ലോക കേരള സഭ

8 (3033) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ലോക കേരള സഭയുടെ കേന്ദ്രം മാവേലിക്കരയിൽ ആരംഭിക്കുന്നതിനും ആയതിന് ആസ്ഥാന മന്ദിരം പണിയുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ലോക കേരള സഭയുടെ കേന്ദ്രം മാവേലിക്കരയിൽ ആരംഭിക്കുന്ന വിഷയം, കോവിഡ്-19 മഹാമാരിയെത്തുടർന്നുണ്ടായ സാമ്പത്തികമാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

മന്ത്രിമാരുടെ വിദേശയാത്രകൾ

9 (3034) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലം മന്ത്രിമാർ നടത്തിയ വിദേശയാത്രകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത യാത്രകൾ ഓരോന്നിന്റെയും ഉദ്ദേശ്യവും ലക്ഷ്യവും എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; ഓരോ യാത്രയ്ക്കും ചെലവായ തുക എത്ര വീതമാണ്;

(ബി) പ്രസ്തുത യാത്രകളിൽ മന്ത്രിമാർക്ക് യാത്രപ്പടി അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ മന്ത്രിയും ഓരോ യാത്രയ്ക്കും കൈപ്പറ്റിയ യാത്രപ്പടി എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) കഴിഞ്ഞ അഞ്ച് വർഷക്കാലം മന്ത്രിമാർ നടത്തിയ വിദേശ യാത്രകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly